# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>പിന്നോക്ക വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ</u>

5565 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ നടപ്പാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ ;

(ബി) സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികൾക്ക് വായ്പ നൽകുന്നത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) കോർപ്പറേഷൻ വഴി വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ഡി) പിന്നോക്ക വികസന കോർപ്പറേഷൻ വഴി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 25.10.2011-ലെ മറുപടിക്ക്

<u>പട്ടികജാതി സംവരണ മണ്ഡലങ്ങളിൽ വികസന പദ്ധതികൾ</u>

5566 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പട്ടികജാതിക്ഷേമ വകുപ്പിന് നേരിട്ട് പദ്ധതികൾ സമർപ്പിക്കാമോ ;

(ബി) പട്ടികജാതിക്കാർ കൂടുതലായി അധിവസിക്കുന്ന പ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യവികസനത്തിന് വേണ്ടിയെന്നു വ്യക്തമാക്കുമോ; പദ്ധതികൾ സമർപ്പിച്ചാൽ അംഗീകാരം നൽകുമോ ;

(സി) വകുപ്പിന്റെ കീഴിലുള്ള വിവിധ സെക്ടറുകൾക്ക് 2011-12 വർഷത്തിൽ ആകെ എത്ര തുക വീതമാണ് നീക്കിവെച്ചിട്ടുള്ളത് ;

(ഡി) പട്ടികജാതി സംവരണ മണ്ഡലങ്ങളിൽ വിവിധ വികസന പദ്ധതികൾക്ക് പ്രത്യേക പരിഗണന നൽകുന്ന കാര്യം ആലോചിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വായ്പകൾ

5567

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പിന്നോക്ക സമുദായ അംഗങ്ങൾ സഹകരണസ്ഥാപനങ്ങളിൽ നിന്നും പിന്നോക്ക വികസന കോർപ്പറേഷനിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിൽ 25,000 രൂപ വരെയുള്ളവ എഴുതിത്തള്ളുന്നതിനും, അതിനു മുകളിലുള്ള വായ്പകൾ പലിശ ഒഴിവാക്കി ഗഡുക്കളായി അടയ്ക്കുന്നതിനും അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതു സംബന്ധിച്ച് എന്ത് ആശ്വാസ പദ്ധതിയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്ന പദ്ധതി</u>

5568

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗക്കാരുടെ വായ്പകൾ എഴുതിത്തള്ളുവാൻ മുൻഗവൺമെന്റ് ആവിഷ്ക്കരിച്ച പദ്ധതി ഇപ്പോഴും നിലവിലുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വിവിധ ബാങ്കുകളിൽ നിന്നെടുത്ത വായ്പാതുകയും പലിശയും പിഴപ്പലിശയും എഴുതി തള്ളുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

നാട്ടികയിലെ പട്ടികജാതി കോളനികളിലെ വികസന പ്രവർത്തനങ്ങൾ

5569 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക മണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികളുണ്ടെന്നും ഓരോന്നിന്റെയും വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) 2010-2011 വർഷത്തിൽ പ്രസ്തുത കോളനികളിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>എസ്. സി. എസ്. റ്റി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി</u>

5570 ശ്രീ. ബി.സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്. സി. എസ്. റ്റി വിഭാഗത്തിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി നിലവിലുണ്ടോ;പ്രസ്തുത പദ്ധതി പ്രകാരം ഏത് ക്ലാസ്സിൽ വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് സൈക്കിൾ നൽകുന്നത്; ഏതു വകുപ്പാണ് ഇതിനു നേതൃത്വം നൽകുന്നത്;

(ബി) ഈ പദ്ധതിയിൽ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതല എന്താണ്; പ്രസ്തുത പദ്ധതി എന്നാണ് നിലവിൽ വന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണവും നവീകരണവും</u>

5571 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ വേണ്ടത്ര ഇല്ലാ എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കൂടുതൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) നിലവിലുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) എത്ര പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളാണു നിലവിലുള്ളത് എന്ന് വ്യക്താക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

കോട്ടത്തറ - പട്ടികജാതിക്കാർക്കായയുള്ള ഐ. ടി. സി.

5572 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കോട്ടത്തറയിലെ, പട്ടികജാതിക്കാർക്കായുള്ള ഐ. ടി. സി. യിൽ ആവശ്യമായ സൗകര്യങ്ങൾ ഇല്ലാ എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ കൂടുതൽ കോഴ്സുകൾ/ട്രേഡുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) നിലവിൽ ഇലക്ട്രീഷ്യൻ കോഴ്സ് മാത്രമുള്ള ഇവിടെ സിവിൽ, ഓട്ടോമൊബൈൽ, പ്ലംബർ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് തുടങ്ങിയ കോഴ്സുകൾ അടുത്ത അദ്ധ്യയന വർഷം മുതൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>നീലേശ്വരം - ചെറുവത്തൂർ ഐ.ടി.സി കൾ</u>

5573 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നീലേശ്വരം, ചെറുവത്തൂർ ഐ.ടി.സി കളിൽ കൂടുതൽ കോഴ്സുകൾ അനുവദിച്ച് പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ചേലക്കര, വരവൂർ ഐ.റ്റി.സി.യുടെ നിർമ്മാണം</u>

5574 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ വരവൂർ ഐ.റ്റി.സി.യുടെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എന്നാണ് ഭരണാനുമതി നൽകിയതെന്നും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഐ.റ്റി.സി.യുടെ കെട്ടിടങ്ങളുടെയും മറ്റടിസ്ഥാന സൗകര്യങ്ങളുടെയും നിർമ്മാണത്തിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ഏതുഘട്ടത്തിലാണ്;

(ഡി) നിർമ്മാണം ആരംഭിക്കുവാൻ കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ഇ) നിലവിൽ താൽക്കാലിക കെട്ടിടത്തിൽ സ്ഥാപനം പ്രവർത്തിക്കുന്നതിലുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സമയബന്ധിതമായി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

ഷെമിം റാവുത്തറിന്റെ അപേക്ഷ

5575 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് ലഭിക്കുന്നതിന് വേണ്ടിയുള്ള പഠനാവശ്യത്തിന് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ലഭിക്കുന്നതിനായി ചെങ്ങന്നൂർ വെൺമണി പുന്തല, മണ്ണിൽ അയ്യത്തി ഷെമിം റാവുത്തർ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൻമേൽ നാളിതു വരെ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്കോളർഷിപ്പ് എന്ന് ലഭിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ആഭ്യന്തര ടൂറിസം</u>

5576 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ബി) ടൂറിസ്റ്റുകളായി എത്തുന്ന സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിലുള്ളതെന്നും അതു മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ടൂറിസം മേകലയിലെ പുരോഗതി</u>

5577 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഗോള ടൂറിസം വളർച്ചാ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ കേരളം പിന്നോക്കമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ വർഷം സ്വദേശികളും വിദേശികളുമായി എത്ര ടൂറിസ്റ്റുകൾ സംസ്ഥാനം സന്ദർശിക്കുകയുണ്ടായി ; വിശദാംശങ്ങൾ നൽകുമോ ;

(സി) അതു വഴി യഥാക്രമം ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാനസൗകര്യമില്ലായ്മയും തുടരെയുള്ള ഹർത്താലുകളും ഈ മേഖലയ്ക്ക് തിരിച്ചടിയാകുന്നുണ്ടോ ;

(ഇ) എങ്കിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പ്രവർത്തനം</u>

5578 ശ്രീ.എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ ടൂറിസം പ്രമേഷൻ കൗൺസിലുകളിലൂടെയുള്ള പദ്ധതികൾക്കായി നടപ്പു വർഷത്തെ ബഡ്ജറ്റ് വിഹിതം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) വകയിരുത്തിയ തുകയിൽ നാളിതുവരെയുള്ള ചെലവ് എത്ര ;

(സി) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ഉത്തരവാദിത്ത ടൂറിസം പ്രവർത്തനം</u>

5579 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും** വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നടപ്പാക്കിയ ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി ആവിഷ്കരിച്ചതിനുശേഷം ജില്ലയിലെ ടൂറിസം മേഖലയ്ക്കുണ്ടായ പുരോഗതി വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ടൂറിസം വികസനത്തിൽ പൊതു- സ്വകാര്യ-പഞ്ചായത്ത് പങ്കാളിത്തം</u>

5580 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിന് പൊതു - സ്വകാര്യ -പഞ്ചായത്ത് പങ്കാളിത്തം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതു സംബന്ധമായ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ബീച്ച് ടൂറിസം പദ്ധതി</u>

5581 ശ്രീ. വി. എസ് സുനില്‍ കുമാര്‍
,, ഇ. ചന്ദ്രശേഖരന്‍
,, ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എത്ര കേന്ദ്രങ്ങളിലാണ് ബീച്ച് ടൂറിസം പദ്ധതികള്‍ നടപ്പാക്കിയിട്ടുള്ളത് ; അവ എവിടെയെല്ലാം ;

(ബി) പ്രസ്തുത കേന്ദ്രങ്ങളില്‍ എന്തെല്ലാം സൗകര്യങ്ങളും കാഴ്ചകളുമാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികള്‍ വിപുലമായി നടപ്പാക്കാന്‍ സാധ്യതയുണ്ടോ ; എങ്കില്‍ എവിടെയെല്ലാം; അതിനുള്ള പ്രവര്‍ത്തനങ്ങള്‍ നടന്നുവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

വിനോദ സഞ്ചാരകേന്ദ്രങ്ങളിലെ ശുചിത്വം

5582 ശ്രീ. ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ
,, വി. പി. സജീന്ദ്രൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ബി) മാലിന്യവിമുക്ത കേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വിനോദ സഞ്ചാരകേന്ദ്രങ്ങളിലെ ശുചിത്വം മെച്ചപ്പെടുത്താനുള്ള പരിപാടികൾക്ക് രൂപം നൽകുമോ ;

(സി) അതിനായി കുടുംബശ്രീ, സന്നദ്ധസംഘടനകൾ, എൻ. ജി.ഒ കൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

കെ.ടി.ഡി.സി. യെ ശക്തിപ്പെടുത്താൻ നടപടി

5583 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി. യെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടു വരുന്നത് ;

(ബി) വിനോദ സഞ്ചാര വികസനത്തിന് ആവശ്യമായ അടിസ്ഥാന പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കിയത് ;

(സി) സംസ്ഥാനത്തിനകത്തും പുറത്തും ഉള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ സജ്ജമാക്കുന്നതിന് പുതിയ പദ്ധതികൾക്ക് രൂപം നൽകുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ടൂറിസ്റ്റ് റിസോർട്ട്സ് (കേരള) ലിമിറ്റഡിന്റെ പ്രവർത്തനങ്ങളും ഉദ്ദേശലക്ഷ്യങ്ങളും</u>

5584 ശ്രീ. പാലോട് രവി
,, ബെന്നി ബെഹനാൻ
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റ് റിസോർട്ട്സ് (കേരള) ലിമിറ്റഡിന്റെ പ്രവർത്തനങ്ങളും ഉദ്ദേശലക്ഷ്യങ്ങളും എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്തെ വിനോദസഞ്ചാര പ്രോജക്ടുകളുടെ നടത്തിപ്പിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്;

(സി) ടൂറിസം വ്യവസായത്തിന് നിക്ഷേപം സുഗമമാക്കുന്നതിനുള്ള പരിപാടികൾക്കായി പുതിയ പദ്ധതികൾ തയ്യാറാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ബാക്ക് വാട്ടർ ടൂറിസം</u>

5585 ശ്രീ.ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാക്ക്‌വാട്ടർ ടൂറിസം വകിസനത്തിന് കേന്ദ്രസർക്കാർ അംഗീകരിച്ച 400 കോടി രൂപയുടെ വികസന മാസ്റ്റർ പ്ലാനിന്റെ പരിധിയിൽപ്പെടുന്ന പ്രദേശങ്ങൾ ഏതൊക്കെയാണ്;

(ബി) ഇതിന്റെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പരിപാടികളുടെ വിശദാംശം അറിയിക്കുമോ ;

(സി) ഈ പദ്ധതി പരിസ്ഥിതി സൗഹാർദ്ദമായി നടപ്പിലാക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>പൂവാർ - കോവളം വിനോദസഞ്ചാര വികസനം</u>

5586 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പൂവാർ മുതൽ കോവളം വരെയുള്ള മേഖലയിൽ വിനോദസഞ്ചാരത്തിനായി എത്ര തുകയാണ് നടപ്പ് സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>പിൽഗ്രിം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് നിർമ്മാണം</u>

5587 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം തൃപ്രങ്ങോട്, ഹനുമാൻകാവ്, ഗരുഡൻകാവ്, ചമ്രവട്ടം അയ്യപ്പൻ എന്നീ ക്ഷേത്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ് പിൽഗ്രിം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(ബി) അതിനു വേണ്ടി പഠനം നടത്താൻ മലപ്പുറം ജില്ലാ കലക്ടർക്ക് നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

മൂന്നാർ ടൂറിസം മാസ്റ്റർ പ്ലാൻ

5588 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. പി.കെ. ഗുരുദാസൻ
,, എസ്. രാജേന്ദ്രൻ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ടൂറിസം മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്ത പദ്ധതികൾ എന്തെല്ലാമായിരുന്നു ; വിശദമാക്കുമോ ;

(ബി) മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) ഏതെല്ലാം പഞ്ചായത്തുകളെയാണ് മാസ്റ്റർ പ്ലാനിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

ബേക്കൽ പാർക്ക് നിർമ്മാണ പ്രവൃത്തികൾ

5589 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ പാർക്ക് ടി.ആർ.പി. ഫണ്ടിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ ;

(ബി) എത്ര ലക്ഷം രൂപയുടെ പ്രവൃത്തിയാണ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത് ;

(സി) പാർക്കിന്റെ പണി പൂർത്തിയാക്കി പൊതുജനങ്ങൾക്കായി തുറന്ന് കൊടുത്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്ന് തുറന്ന് കൊടുക്കാനാകും എന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>കൊച്ചി രാജ്യന്തര മറീന പദ്ധതി</u>

5590 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ ബോൾഗാട്ടി ദ്വീപിനു സമീപം കെ.റ്റി.ഡി.സി യുടെ രാജ്യാന്തര മറീന പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; ഒന്നാംഘട്ട പദ്ധതിയിൽ സമുദ്രസഞ്ചാരികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) അതിന്റെ അനുബന്ധപ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളതെന്നും എന്തെല്ലാം പ്രവർത്തികളാണിതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

വയനാട് ജില്ലാ ടൂറിസം വികസനം

5591

ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിനോദസഞ്ചാര പദ്ധതികൾ ഏതെല്ലാമെന്നു വിശദമാക്കുമോ;

(ബി) ബാണാസുരസാഗർ ഡാമിനോടനുബന്ധിച്ച് വിനോദസഞ്ചാര വികസന പദ്ധതികൾ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ പദ്ധതിയുടെ അടങ്കൽ തുകയുൾപ്പെടെയുള്ള വിശദാംശങ്ങൾ എന്തൊക്കെയെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>വയനാട് വിനോദസഞ്ചാര വികസന പദ്ധതികൾ</u>

5592 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി വയനാട് ജില്ലയിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ജില്ലയിലെ വിനോദ സഞ്ചാര വികസനത്തിനായി ഈ സർക്കാർ ഏറ്റെടുത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്;

(സി) ഫാം ടൂറിസം, അഡ്വെഞ്ചർ ടൂറിസം എന്നിവ കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 25.10.2011-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ വിനോദ സഞ്ചാര വികസന പദ്ധതികൾ</u>

5593 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ടൂറിസം വികസനത്തിന്റെ ഭാഗമായി ജില്ലാ ടൂറിസം കൗൺസിലുകൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ ടൂറിസം വികസന പ്രവർത്തനങ്ങൾ</u>

5594 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ടൂറിസം വികസനത്തിനായി പാലക്കാട് ജില്ലയിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതികൾക്കുവേണ്ടി എന്തു തുക ചെലവഴിച്ചു ;

(സി) അടുത്തവർഷം പാലക്കാട് ജില്ലയിൽ നടത്താനുദ്ദേശിക്കുന്ന ടൂറിസം വികസന പ്രവർത്തനങ്ങൾ ഏതൊക്കെയാണ് ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലാ ടൂറിസം വികസന പദ്ധതികൾ</u>

5595 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിനോദ സഞ്ചാര മേഖലയിൽ മലപ്പുറം ജില്ലയിൽ നടപ്പാക്കാൻ എന്തെല്ലാം പുതിയ പദ്ധതികളാണ് വിഭാവനം ചെയ്യുന്നതെന്നും അതിൽ എത്ര എണ്ണത്തിന് തുടക്കമിട്ടുവെന്നും വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>മലപ്പുറം കോട്ടക്കുന്ന് ടൂറിസം പദ്ധതി</u>

5596 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കോട്ടക്കുന്ന് ടൂറിസം പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) രണ്ടാംഘട്ട വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ഡി) കോട്ടക്കുന്നിൽ ഒരു 'റോപ് - വേ' നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഇ) കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>കണ്ണൂർ ധർമ്മടം ടൂറിസം പദ്ധതി</u>

5597 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധർമ്മടം തുരുത്തിൽ എത്ര രൂപയുടെ ടൂറിസം പദ്ധതിക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ഏതു ഘട്ടത്തിലാണെന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

അങ്കമാലി മണ്ഡലത്തിലെ ടൂറിസം വികസനം

5598 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിലെ ടൂറിസം വികസനത്തിനായി നടപടികൾ സ്വീകരിക്കുമോ;

(ബി) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>വീരമലക്കുന്ന് ടൂറിസം പദ്ധതി</u>

5599 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ബഡ്ജറ്റില്‍ ഉള്‍പ്പെടുത്തിയ വീരമലക്കുന്ന് ടൂറിസം പദ്ധതിയില്‍ ഏതെല്ലാം പ്രവര്‍ത്തനങ്ങളാണ് ഉള്‍പ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

കുറ്റ്യാടി മണ്ഡലത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ

5600 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ടൂറിസ്റ്റ് പ്രാധാന്യമുള്ള സ്ഥലങ്ങൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ ;

(ബി) ടൂറിസം വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത സ്ഥലങ്ങളിൽ നടപ്പാക്കിയിട്ടുള്ളതെന്നും ഇനി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>കനകക്കുന്നു കൊട്ടാരത്തിൽ സിനിമാ ചിത്രീകരണം</u>

5601 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ സിനിമാ ചിത്രീകരണം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ വച്ച് സിനിമ ചിത്രീകരിക്കുന്നതിന് അനുമതി നൽകാറുണ്ടോ ;

(സി) ഇല്ലെങ്കിൽ അനുമതിയില്ലാതെ സിനിമാ ചിത്രീകരണം നടത്തിയവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>വൈക്കം മണ്ഡലത്തിൽ വിനോദസഞ്ചാര</u>
<u>മേഖലയിൽ ചെലവഴിച്ച തുക</u>

5602

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വൈക്കം മണ്ഡലത്തിന്റെ പരിധിയിൽ എത്ര തുക ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ;

(ബി) വൈക്കത്തെ ഒരു പ്രമുഖ വിനോദസഞ്ചാര കേന്ദ്രമായി ഉയർത്തുവാനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) കോട്ടയം ജില്ലയിൽ ടൂറിസം ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ സ്ഥാപിക്കുന്നതിന് ഏതൊക്കെ സ്ഥലങ്ങളാണ് പരിഗണിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ പെരിയയിൽ വിശ്രമകേന്ദ്രം</u>

5603 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പെരിയയിൽ ടൂറിസം വകുപ്പ് വിശ്രമകേന്ദ്രം പണി കഴിപ്പിച്ചിട്ടുണ്ടോ;

(ബി) ഇത് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) ബേക്കൽ ടൂറിസം ഡസ്റ്റിനേഷന്റെ പരിധിയിൽ വരുന്ന പ്രസ്തുത സ്ഥാപനം ടൂറിസ്റ്റുകളെ ആകർഷിക്കുന്ന തരത്തിൽ വികസിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 ഒക്ടോബർ 16.

'T' ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.